# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1842

17.06.2013-ൽ മറുപടിയ്ക്ക്

## ആലപ്പുഴ - കൊല്ലം ദേശീയപാതയിലെ വാഹന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ - കൊല്ലം ദേശീയ പാതയിൽ അമ്പലപ്പുഴ മുതൽ ഓച്ചിറ വരെയുള്ള പ്രദേശങ്ങളിൽ ദിനംപ്രതി നടക്കുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അപകടനിരക്ക് കുറയ്ക്കുന്ന തിനു വേണ്ടി എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കുന്നത്? | (ബി) & (സി) റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പോലീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അനിയന്ത്രിതമാം വിധം വാഹന സാന്ദ്രത വർദ്ധിച്ചു വരുന്ന സാഹചര്യ ത്തിൽ കർശനമായ ട്രാഫിക് എൻഫോഴ്സ് മെന്റിലൂടെ അപകടങ്ങൾ കുറച്ചുകൊണ്ടു വരുവാൻ നടപടികൾ സ്വീകരിച്ചിട്ടുള്ള താണ്. നാഷണൽ ഹൈവേയിൽ അപകട നിരക്ക് കുറയ്ക്കുന്നതിനായി നിരന്തരം വാഹന പരിശോധന നടത്തുകയും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്രാഫിക് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും മുന്നറിയിപ്പ് ബോർ ഡുകൾ അപകട മേഖലകളിൽ സ്ഥാപിക്കു കയും കൂടാതെ ഹൈവേ പോലീസ്, ഫ്ളയിംഗ് സ്ക്വാഡ് എന്നിവ ഉപയോഗ പ്പെടുത്തി കാര്യക്ഷമമായ പട്രോളിംഗ് നടത്തി വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ